(ബി) സേനയിൽതന്നെ അനേകം പ്രാഗല്ഭ്യമുള്ള ജീവനക്കാർ നിലവിലുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ നിയമനം നൽകിയിരിക്കുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) എം.എൽ.എ. ഹോസ്റ്റലിൽനിന്നും നിയമസഭാ മന്ദിരത്തിലേക്ക് പോകുന്നവഴിയിൽ പ്രസ്തുത ജീവനക്കാരൻ വാഹനം പാർക്കുചെയ്യുന്നതിന് റോഡരികിൽ കമ്പിവേലി നിർമ്മിച്ചിട്ടുള്ള വിവരം പത്ര മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സൈബർ ക്രൈം

35 (1504) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർ ക്രൈമുകൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണങ്ങളെന്തെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ തരം സൈബർ ക്രൈമുകളാണ് സംസ്ഥാനത്ത് വ്യാപകമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ഡി) സമൂഹത്തിൽ ഏത് വിഭാഗത്തിൽപ്പെട്ടവരാണ് കൂടുതലായി സൈബർ ക്രൈമിന് ഇരയാകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരസാങ്കേതികവിദ്യയുടെ കടന്നുകയറ്റം സൈബർ കുറ്റങ്ങൾ വർദ്ധിക്കുന്നതിന് മുഖ്യകാരണമായിട്ടുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കാരണം പലരിലും പ്രത്യേകിച്ച് കൗമാര പ്രായക്കാരിലും യുവാക്കളിലും ഇന്റർനെറ്റ് ദുരുപയോഗം ചെയ്യാനുള്ള പ്രവണതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സൈബർ കഫേകളുടെ മേലുള്ള നിയമപരമായുള്ള നിയന്ത്രണമില്ലായ്മയും സ്കൂൾ, കോളേജ് തലങ്ങളിൽ ക്യാമറയുള്ള മൊബൈൽ ഫോണുകൾ ധാരാളമായി ഉപയോഗിക്കുന്നതും അത് ദുരുപയോഗം ചെയ്യുന്നതുമൂലവും വ്യാജ ഐഡന്റിറ്റി നൽകി മൊബൈൽ/ ഇന്റർനെറ്റ് കണക്ഷനോ അല്ലെങ്കിൽ സൈബർ കഫേകളിൽ ഇരുന്നോ സൈബർ ക്രൈമുകൾ ചെയ്താൽ പിടിക്കപ്പെടില്ലാ എന്ന ധാരണയും ഇന്റർനെറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

സൗഹൃദ വെബ് സെറ്റുകളായ Orkut, Facebook, Twitter എന്നിവയും Online video chatting, Voice chatting എന്നിവയും വളരെ പ്രചാരമുള്ളതിനാൽ അത് പലരും ദുരുപയോഗം ചെയ്യുന്നതിനാലും Google -ന്റെ Youtube video-യിൽ വളരെ എളുപ്പത്തിൽ Video കൾ Upload ചെയ്യുന്നതിന് സൗകര്യം ഉള്ളതിനാലും അതിൻ പ്രകാരം കുറ്റകൃത്യം ചെയ്യുന്നവരുടെ വിവരങ്ങൾ Internet Service Provider മാരിൽ (Google, Yahoo, etc) നിന്നും ലഭിക്കാൻ കാലതാമസം വരുന്നതുമൂലവും, വിദേശത്തുനിന്നാണെങ്കിൽ കുറ്റകൃത്യം ചെയ്യുന്നവരുടെ വിവരം ലഭ്യമല്ലാത്തതിനാലും, മറുനാട്ടിലിരുന്ന് കുറ്റകൃത്യം ചെയ്യുന്ന തദ്ദേശീയരായ ആൾക്കാരേയും വിദേശീയരേയും കണ്ടുപിടിച്ച് നിയമപരമായി നടപടികൾ എടുക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും മറ്റും സൈബർ ക്രൈം വർദ്ധിക്കുന്നതിന്റെ പ്രധാന കാരണങ്ങളാണ്.

(ബി) പ്രധാനപ്പെട്ട സൈബർ ക്രൈമുകൾ താഴെ വിവരിക്കുന്നവയാണ് :

1. Source code tampering and theft
2. Hacking-Unauthorized access of computer
3. Theft and tampering of data
4. Stealing of passwords of internet bank accounts and theft of funds from the accounts
5. Sending defamatory/annoying/insulting messages by email or SMS
6. Internet Fraud
7. Identity theft
8. Credit card fraud
9. E-mail harassment
10. Internet time theft
11. Cyber terrorism
12. Online cheating such as lottery cheating
13. Job cheating
14. കൂടാതെ Mobile Camera ഉപയോഗിച്ച് രഹസ്യമായി സ്ത്രീകളുടെ നഗ്ന ചിത്രങ്ങൾ എടുത്ത് പരസ്യപ്പെടുത്തുക.
15. Publishing or transmitting obscence materials in electronic form
16. Adult pornography
17. Child pornography

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സ്ത്രീകളും സ്കൂൾ കോളേജ് വിദ്യാർത്ഥിനികളും, വിദ്യാഭ്യാസം കുറവുള്ള സാധാരണക്കാരായവരുമാണ് കൂടുതലായി സൈബർ ക്രൈമിന് ഇരയാകുന്നത്.

സൈബർ കുറ്റകൃത്യങ്ങൾ

36 (1505) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2010-ൽ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പോലീസ് സ്റ്റേഷൻ ആക്രമണകേസ്സുകൾ

37 (1506) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സ്റ്റേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും അവയിൽ ആരൊക്കെ പ്രതികളാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പോലീസ് സ്റ്റേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് 33 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് സ്റ്റേഷനുകളിൽ സ്ത്രീസൗഹൃദ കേന്ദ്രങ്ങൾ

38 (1507) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീസൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly